(2) അയിരൂർ പഞ്ചായത്തിലെ ബി. എസ്. എഫ്. ജവാൻ മോഹനൻ നായരുടെ കൊലപാതകം സംബന്ധിച്ച്

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട അയിരൂർ പഞ്ചായത്തിൽ ഇടപ്പാവൂർ പൂവത്തുങ്കൽ വീട്ടിൽ ബി. എസ്. എഫ്. ജവാൻ പി. ആർ. മോഹനൻ നായർ 19-3-2000-ത്തിന് ഇടപ്പാവൂർ ദേവീക്ഷേത്രത്തിനു സമീപം ചവിട്ടും തൊഴിയുമേറ്റ് ദയനീയമായി കൊല്ലപ്പെട്ടു. ജമ്മു-കാശ്മീരിൽ സേവനമനുഷ്ഠിച്ചിരുന്ന മോഹനൻ നായർ അവധിക്ക് വന്നതായിരുന്നു. യാതൊരു പ്രകോപനപരവുമല്ലാത്ത സംഭവത്തെ തുടർന്നാണ് മോഹനൻ നായർ കൊല്ലപ്പെട്ടത്. അയിരൂർ പട്ടശ്ശേരിൽ സന്തോഷ്, കൈതക്കോട് മേമഠത്തിൽ കുഞ്ഞുമോൻ, കൈതക്കോട് താഴത്തേതിൽ ശശിധരൻപിള്ള, അയിരൂർ ചെറുകോൽപ്പുഴ നെടുവേലിൽ സത്യൻ എന്നിവരാണ് പ്രതികളെന്ന് വ്യക്തമായിരിക്കുന്നു. സാക്ഷികളുമുണ്ട്. കൊലകഴിഞ്ഞ് 9 ദിവസമായിട്ടും ഇതുവരെ 3 പ്രതികളെ മാത്രമേ പിടികൂടാൻ പോലീസിന് കഴിഞ്ഞിട്ടുള്ളൂ. നാട്ടുകാർ വളരെ ക്ഷുഭിതരും ദുഃഖിതരുമാണ്. ജവാനായിരുന്ന മോഹനൻ നായരുടെ ശമ്പളം മാത്രമായിരുന്നു അദ്ദേഹത്തിന്റെ ഭാര്യയ്ക്കും വിദ്യാർത്ഥികളായ രണ്ടു കുട്ടികളുമടങ്ങുന്ന കുടുംബത്തിന്റെ വരുമാനം. അനാഥമായ ആ കുടുംബം ഇന്ന് ഗതിയില്ലാതെ കണ്ണീരിൽ കഴിഞ്ഞു കൂടുകയാണ്. കൊലയാളികളെ കാലതാമസം കൂടാതെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിക്കുന്നതിനും നാട്ടുകാരുടെ ആശങ്കകൾ അകറ്റുന്നതിനും വേണ്ട നിർദ്ദേശം നൽകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടപേക്ഷിക്കുന്നു. നിരാലംബമായ ആ കുടുംബത്തിന് ആശ്വാസമേകാൻ കഴിവുള്ള സഹായം അനുവദിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, പത്തനംതിട്ട ഇടപ്പാവൂർ പൂവത്തുങ്കൽ മോഹനൻ നായരെ 19-3-2000-ന് ചിലർ ചേർന്ന് ആക്രമിച്ചു പരിക്കേൽപ്പിച്ചു, ആശുപത്രിയിൽ എത്തുമ്പോഴേയ്ക്കും അയാൾ മരണപ്പെട്ടിരുന്നു. ഇത് സംബന്ധിച്ച് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302,323,34 എന്നീ വകുപ്പുകൾ പ്രകാരം കോയിപ്പുറം പോലീസ് സ്റ്റേഷനിൽ ക്രൈം 64/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും സന്തോഷ്, ഗോപകുമാർ, സത്യൻ എന്നു വിളിക്കുന്ന ആനന്ദ് കെ. നായർ എന്നിവരെ 26-3-2000-ന് പോലീസ് അറസ്റ്റ് ചെയ്യുകയും മറ്റൊരു പ്രതിയായ ശ്രീധരൻപിള്ള കോടതിയിൽ കീഴടങ്ങുകയും ചെയ്തിട്ടുണ്ട്. കേസന്വേഷണം ത്വരിതപ്പെടുത്താൻ പത്തനംതിട്ട എസ്. പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) ഇരിഞ്ഞാലക്കുട കാട്ടൂർ ഗവൺമെന്റ് ഹൈസ്ക്കൂളിലെ നാല് വിദ്യാർത്ഥികളെ കാണാതായത് സംബന്ധിച്ച്

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിൽപ്പെട്ട കാട്ടൂർ ഗവൺമെന്റ് ഹൈസ്ക്കൂളിൽ പഠിക്കുന്ന ജിന്റോ ജെ. ആലപ്പാട്, വിപിൻ എ. വി., ദീപക്. പി. എൽ., അജീഷ്. കെ. എ. എന്നീ നാല് വിദ്യാർത്ഥികളെ കഴിഞ്ഞ ഫ്രെബുവരി 28 മുതൽ കാണാതായിരിക്കുന്നു. ഇതിൽ മൂന്ന് വിദ്യാർത്ഥികൾ

LIBRARY ARCHIVES Kerala Legislative Assembly